ജോൺ എൽ. എസ്പോസിറ്റോ
വിവർത്തനം: കെ.പി. കമാലുദ്ദീൻ

# ഇഖ്‌വാനും ജമാഅത്തും

ഏതാണ്ട് ഒരേ കാലത്ത് ഉയർന്നുവന്ന സംഘടനകളാണ് ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാനുൽ മുസ്‌ലിമൂനും. ആഗോളതലത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങളെല്ലാം ഈ രണ്ടു സംഘടനകളുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടിരിക്കുന്നു. മസാച്ചുസെറ്റ്സിലെ ഹോളിക്രോസ് കോളേജിലെ മതപഠന വിഭാഗം പ്രൊഫസറായ ജോൺ എൽ. എസ്പോസിറ്റോ ജമാഅത്തിനെയും ഇഖ്‌വാനെയും തന്റേതായ കാഴ്ചപ്പാടിൽ താരതമ്യം ചെയ്യുകയാണ് ചുവടെ:

ഇരുപതാം നൂറ്റാണ്ടിൽ തുടക്കമിട്ട ആധുനിക പരിഷ്കരണ സംരഭങ്ങൾക്ക് സമാന്തരമായി രൂപംകൊണ്ട രണ്ട് പുതിയ നവോത്ഥാന പ്രസ്ഥാനങ്ങളുണ്ട്. ഈജിപ്തിൽ ഹസനുൽ ബന്നയുടെ മുസ്‌ലിം ബ്രദർഹുഡ്ഡും (അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ) ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മൗലാനാ മൗദൂദിയുടെ ജമാഅത്തെ ഇസ്‌ലാമിയും. ഇരുപതാം നൂറ്റാണ്ടിന്റെ ഇസ്‌ലാമിക സമൂഹം നിർണായകമായ ഒരു വഴിത്തിരിവിലെത്തി നിൽക്കുകയാണെന്ന യാഥാർഥ്യം ഇരു പ്രസ്ഥാനങ്ങളും തിരിച്ചറിഞ്ഞു. മതേതരവാദികളും മോഡേണിസ്റ്റുകളുമായ മുസ്‌ലിം പരിഷ്കർത്താക്കളെപ്പോലെ അവരും, ഇസ്‌ലാമിക സമൂഹത്തിന്റെ ആന്തരികദൗർബല്യങ്ങളും അത് പാശ്ചാത്യസാമ്രാജ്യത്തിന്റെ ഭാഗത്ത് നിന്ന് നേരിടുന്ന ഭീഷണിയും സമൂഹപുരോഗതിയിൽ ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ പ്രാധാന്യവും കണ്ടറിഞ്ഞവരായിരുന്നു. എന്നാൽ, അവ മതേതര-മോഡേണിസ്റ്റ് പരിഷ്കർത്താക്കളിൽനിന്ന് വ്യത്യസ്തമായി, പടിഞ്ഞാറൻ ചിന്താധാരകളെ വിമർശിക്കുന്നതിലും ഇസ്‌ലാമിന്റെ സ്വയം പര്യാപ്തി ബോധ്യപ്പെടുത്തുന്നതിലും ഏറെ മുന്നോട്ടുപോയി. മതേതരവാദികൾ പടിഞ്ഞാറിന്റെ രാഷ്ട്രീയ നായകത്വം അംഗീകരിക്കുവാൻ വിസമ്മതിച്ചുവെങ്കിലും തങ്ങളുടെ വർത്തമാനവും ഭാവിയും നിർണയിക്കുവാൻ പടിഞ്ഞാറോട്ടുതന്നെ നോക്കിനിന്നു. അവർ പാശ്ചാത്യൻ വസ്ത്രധാരണം, ആചാരരീതികൾ, സംഗീതം, കല തുടങ്ങിയവ സ്വീകരിക്കുകയും യൂറോപ്പിന്റെ രാഷ്ട്രീയവും സാമ്പത്തികവും വിദ്യാഭ്യാസപരവും നിയമപരവുമായ സ്ഥാപനങ്ങളെ ഉപജീവിക്കുകയും ചെയ്തു. മറുവശത്ത് ഇസ്‌ലാമിക പരിഷ്കർത്താക്കൾ പടിഞ്ഞാറിൽനിന്ന് വല്ലതും സ്വീകരിക്കുന്നതിൽ ഇസ്‌ലാമികമായ ഒരു അടിസ്ഥാന മാനദണ്ഡം നിശ്ചയിക്കുവാൻ യത്നിച്ചു. ചുരുക്കത്തിൽ ബ്രദർഹുഡ്ഡിന്റെയും ജമാഅത്തെ ഇസ്‌ലാമിയുടെയും കാഴ്ചപ്പാടുകൾക്ക് വ്യക്തതയും ലാളിത്യവും ഉണ്ടായിരുന്നു. കമ്യൂണിസവും ക്യാപിറ്റലിസവും ദൈവികമതമായ ഇസ്‌ലാമിന് അന്യമായ മനുഷ്യ നിർമിത സിദ്ധാന്തങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെന്നും ദൈവികഹിതത്തിനൊത്ത് ജീവിക്കാനാഗ്രഹിക്കുന്ന മുസ്‌ലിംകൾ, പാശ്ചാത്യ സന്തതികളായ സെക്കുലറിസവും ഭൗതികവാദവും കൈവിട്ട് പൂർണമായും ഇസ്‌ലാമിലേക്ക് മടങ്ങിയേ തീരൂ എന്നും ഈ നവോത്ഥാന പ്രസ്ഥാനങ്ങൾ നിർവിശങ്കം വ്യക്തമാക്കി. ഇവയെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം വ്യക്തിപരമായ ധർമനിഷ്ഠയുടെയോ രാഷ്ട്രീയ സാമൂഹിക ജീവിതസംയുക്തത്തിന്റെയോ മാത്രം പ്രശ്നമായിരുന്നില്ല. മറിച്ച്, അത് വ്യക്തിപരവും സാമൂഹ്യവുമായ ജീവിതത്തിന്റെ സമഗ്രമായ ഒരാദർശം -ഇസ്‌ലാമിക രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും അടിത്തറ- ആയിരുന്നു.

ഈജിപ്തിലെ ഹസനുൽ ബന്ന (1906-1949)യും ഇന്ത്യയിലെ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയും (1903-1979) സാമ്രാജ്യത്വവിരുദ്ധ ദേശീയ പ്രസ്ഥാനങ്ങൾ സജീവമായിരുന്ന സമൂഹങ്ങളിൽ, ബ്രിട്ടീഷ് കൊളോണിയലിസത്തിന്റ നിഴലിൽ വളർന്നുവന്നവരാണ്. അവർ ഭക്തിയും അർപ്പണബോധവുമുള്ള മുസ്‌ലിംകളായിരുന്നു. അവർക്ക് ലഭിച്ച ശിക്ഷണവും വിദ്യാഭ്യാസവും അവരെ ഇസ്‌ലാമിക വിദ്യാലോകത്തിലേക്കും ആധുനിക ചിന്തയിലേക്കും പാശ്ചാത്യ വിജ്ഞാനത്തിലേക്കും എത്തിച്ചു. കൈറോവിൽ വിദ്യാർഥിയായിരുന്ന ഹസനുൽ ബന്ന അവിടെ വെച്ച് റഷീദ് റിദായുമായും സലഫിയ്യാ പ്രസ്ഥാനവുമായും അടുത്ത ബന്ധം പുലർത്തുകയുണ്ടായി. അദ്ദേഹത്തിൽ ജമാലുദ്ദീൻ അഫ്ഗാനിയുടെയും മുഹമ്മദ് അബ്ദുവിന്റെയും പരിഷ്കരണ ചിന്തകൾ സ്വാധീനം ചെലുത്തിയിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ചിന്ത രൂപപ്പെട്ടത് റഷീദ് റിദയുടെയും "അൽ മനാറി"ന്റെയും കുറേക്കൂടി മൗലികമായ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ്. പാശ്ചാത്യവൽക്കരണത്തിന്റെ ആപത്തുകളും ഇസ്‌ലാമിന്റെ സമ്പൂർണമായ സ്വയംപര്യാപ്തിയും ഉയർത്തിക്കാട്ടുന്നതായിരുന്നു അത്. അദ്ദേഹം 1928-ൽ മുസ്‌ലിം ബ്രദർഹുഡ്ഡിന് ബീജാവാപം ചെയ്തു. മറുവശത്ത് മൗലാനാ മൗദൂദിക്ക് ആധുനിക വിജ്ഞാനീയങ്ങൾ ശ്രദ്ധാപൂർവം ഒഴിച്ചുനിർത്തപ്പെട്ട പാരമ്പര്യ മതവിദ്യാഭ്യാസം മാത്രമേ ലഭിച്ചിരുന്നുള്ളൂ. ഇംഗ്ലീഷുഭാഷയും മറ്റു ശാസ്ത്രവിജ്ഞാനീയങ്ങളും അദ്ദേഹം സ്വായത്തമാക്കിയത് പിന്നീടാണ്. 1938-ൽ മഹാകവി ഡോ. മുഹമ്മദ് ഇഖ്ബാലിന്റ ക്ഷണം സ്വീകരിച്ച് ലാഹോറിലെത്തിയ മൗദൂദി 1941-ൽ ജമാഅത്തെ ഇസ്‌ലാമിക്ക് രൂപം നൽകി. പ്രാദേശിക ചുറ്റുപാടുകളിലെ സവിശേഷതകൾ ഹേതുവായി ഹസനുൽബന്നയുടെയും മൗദൂദിയുടെയും പ്രസ്ഥാനങ്ങൾ തമ്മിൽ വ്യക്തമായ അന്തരങ്ങൾ ഉണ്ടെ

ങ്കിലും മതവും സാമൂഹിക പരിവർത്തനവും തമ്മിൽ ബന്ധിപ്പിക്കുന്നതിൽ ഇരുവരും ഒരുപോലെ ഊന്നൽ നൽകി. അവ രണ്ടും ഇന്നും ചലനാത്മകങ്ങളായി നിലകൊള്ളുകയും മുസ്‌ലിം ലോകത്തിന്റെ മിക്കഭാഗങ്ങളിലുമുള്ളവർക്ക് മാതൃകയായി വർത്തിക്കുകയും ചെയ്യുന്നു.

ഇഖ്‌വാന്റെയും ജമാഅത്തിന്റെയും സംഘാടനവും ദാർശനിക കാഴ്ചപ്പാടും പ്രവാചകനായ മുഹമ്മദിന്റെയും അദ്ദേഹത്തിന്റെ ആദ്യകാല സാമൂഹിക പരിഷ്കരണത്തിന്റെ -വിപ്ലവത്തിന്റെ-യും മാതൃകയിൽ രൂപപ്പെടുത്തിയതായിരുന്നു. ആ സംഘടനകൾ ഇസ്‌ലാമിക സാങ്കേതിക ശബ്ദങ്ങൾ പുനർവ്യാഖ്യാനം ചെയ്യുകയും ഗതകാലപരിഷ്കർത്താക്കളും നവോത്ഥാന സാരഥികളും ചെയ്തവിധം, തങ്ങളുടെ സമൂഹത്തിൽ പുനഃപ്രയോഗിക്കുകയും ചെയ്തു. പ്രവാചകനായ മുഹമ്മദ് ചെയ്തത് പോലെ അവർ, സമൂഹത്തിലെ മറ്റ് അംഗങ്ങളിൽനിന്നും വ്യതിരിക്തമായ സാമൂഹ്യവിപ്ലവ യത്നങ്ങൾക്കായി ആത്മസമർപ്പണം ചെയ്ത ഒരു വിഭാഗം യഥാർഥ വിശ്വാസികളെ വാർത്തെടുത്തു. സ്വന്തം സമൂഹത്തിൽനിന്ന് പലായനം ചെയ്യുന്നതിന് പകരം അവർ, തങ്ങളുടെ അനുയായികളെ വിശാലമായ അനിസ്‌ലാമിക സമൂഹത്തിൽ, ഇസ്‌ലാമിനോട് മാത്രം ആഭിമുഖ്യമുള്ള, അർപ്പണബോധമുള്ള, മാനസികൈക്യമുള്ള മുസ്‌ലിം കക്ഷിയായി സംഘടിപ്പിച്ചു. ഈ വിഭാഗം സമൂഹത്തെ അകത്തുനിന്നുതന്നെ പരിവർത്തിപ്പിക്കുന്നതിനുള്ള ചാലകകേന്ദ്രങ്ങളായി വർത്തിക്കുവാനായിരുന്നു ഇത്. ഒരർഥത്തിൽ അത് മതാവേശിതമായ വിശിഷ്ടവിഭാഗത്തിന്റെ മുന്നണിപ്പടയായിരുന്നു. അതൊരു രാഷ്ട്രീയ കക്ഷിയായിരുന്നില്ല. മറിച്ച് അവയുടെ പേരുകൾ സൂചിപ്പിക്കുന്നതുപോലെ, ആദർശ സമൂഹമായിരുന്നു. അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്നാൽ മുസ്‌ലിം സഹോദരങ്ങൾ എന്നും ജമാഅത്തെ ഇസ്‌ലാമി എന്നാൽ ഇസ്‌ലാമിക സമൂഹം എന്നുമാണല്ലോ അർഥം. അവ ശാഖകളുടെയും ഘടകങ്ങളുടെയും ശൃംഖലകൾ തന്നെ ഉള്ള ഭദ്രമായ മത-സാമൂഹ്യ സംഘടനകളായി വളർന്നു. അവയിലെ അംഗങ്ങൾക്ക് അവരുടെ വിശ്വാസവും ഇസ്‌ലാമികാഭിമുഖ്യമുള്ള സമൂഹ-രാഷ്ട്ര നിർമിതിക്കുള്ള സ്വന്തം പ്രതിബദ്ധതയും സുദൃഢമാക്കാനുമുള്ള പരിശീലനവും ശിക്ഷണവും നൽകപ്പെട്ടു. അംഗങ്ങളുടെ തെരഞ്ഞെടുപ്പിൽ സൂക്ഷ്മതയും കാർക്കശ്യവുമുണ്ടായിരുന്നു. അവർക്ക് സ്വന്തം മതവിജ്ഞാനവും സദാചാരനിഷ്ഠയും വർധിപ്പിക്കാനുതകുന്ന ആദർശപ്രബോധനത്തിന്റെയും പരിശീലനത്തിന്റെയും നിശ്ചിതകാലം കഴിച്ചുകൂട്ടേണ്ടതുണ്ട്. ധാർമികവും സാമൂഹികവുമായ പരിപാടികളിലാണ് അത് കേന്ദ്രീകരിച്ചിരുന്നത്. ധാർമികമായി ശക്തമായ ഒരു സമൂഹത്തിന്റെ നേതാക്കളുടെ തലമുറയെ സൃഷ്ടിക്കുവാൻ ഉപയുക്തമാക്കിയിരുന്ന കാര്യങ്ങളിൽ ചിലത് മതവിജ്ഞാനം, സാമൂഹ്യസേവനം, വിദ്യാലയങ്ങൾ, ആശുപത്രികൾ, പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവയായിരുന്നു. മുസ്‌ലിം ബ്രദർഹുഡ്, ഗ്രാമങ്ങളിലെ അധോ വർഗത്തിന്റെയും മധ്യഅധോ വർത്തിന്റെയും മേഖലികളിൽനിന്ന് നഗരങ്ങളിലെ പുതിയ മധ്യവർഗത്തിലേക്ക് കൂടി വികാസം പ്രാപിച്ചുകൊണ്ട് അതിവേഗം വളർന്നു. ഗുമസ്തന്മാർ, പോലീസുകാർ, വ്യാപാരികൾ, അധ്യാപകർ, അഭിഭാഷകർ, ഡോക്ടർമാർ, സർക്കാർ ഉദ്യോഗസ്ഥന്മാർ, സൈനികർ, യൂനിവേഴ്സിറ്റി വിദ്യാർഥികൾ തുടങ്ങി വിവിധ തലങ്ങളിലുള്ളവരെ അത് ആകർഷിച്ചു. വളർച്ചയുടെ ഒരു ഘട്ടത്തിൽ അതിന്റെ അംഗസംഖ്യ അഞ്ചുലക്ഷം മുതൽ പത്തുലക്ഷം വരെയായിരുന്നു. ഇതിന് വിപരീതമായി ജമാഅത്തെ ഇസ്‌ലാമിക്ക് പരിമിതമായ അംഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. വിശിഷ്ട വ്യക്തികളുടെ ഒരു നേതൃത്വനിര വളർത്തിയെടുക്കുന്നതിലാണ് അത് ശ്രദ്ധ കേന്ദ്രീകരിച്ചത്. മൗദൂദിയുടെ അഭിപ്രായത്തിൽ, സമൂഹത്തിനുള്ളിൽ പ്രവർത്തിക്കുന്ന ഒരു മുന്നണിപ്പടയിൽനിന്നാണ് പരിവർത്തനം ഉണ്ടാകേണ്ടിയിരുന്നത്. അതിനാൽ, ജമാഅത്ത്, പ്രാഥമികമായി ഒരു ജനകീയ സംഘടനയെന്നതിലുപരി വിശിഷ്ടവ്യക്തികളുടെ സമൂഹമായിരുന്നു. നല്ല വിദ്യാഭ്യാസം സിദ്ധിച്ച ഇസ്‌ലാമിന് വേണ്ടി അർപ്പണബോധത്തോടെ പ്രവർത്തിക്കുവാൻ തയാറുള്ള വ്യക്തികൾക്ക് പരിശീലനം നൽകുവാനാണത് ശ്രമിച്ചത്. മൗലാനാ മൗദൂദി ഇസ്‌ലാമിനെ വ്യവസ്ഥാപിതമായി അവതരിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കൃതഹസ്തനായ ആ തൂലികാകാരൻ ഇസ്‌ലാമിക നവോത്ഥാനത്തിന് അല്ലെങ്കിൽ ഇസ്‌ലാമിക വിപ്ലവം എന്ന് അദ്ദേഹം പേരിട്ട് വിളിച്ച ആ പ്രക്രിയക്ക് ഒരു സൈദ്ധാന്തിക അടിത്തറ സമർപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൃതികളും ലേഖനങ്ങളും ഇസ്‌ലാമിക ജീവിതരീതി, രാഷ്ട്രം, നിയമം, വിവാഹം, കുടുംബം തുടങ്ങിയവയുമായി ഇസ്‌ലാമിനുള്ള ബന്ധം, പർദാചരണം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

ഹസനുൽബന്നയുടെയും അദ്ദേഹത്തിന്റെ കാലശേഷം ശഹീദ് സയ്യിദ് ഖുതുബിന്റെയും ഫലപ്രദവും ധീരോദാത്തവുമായ നേതൃത്വത്തിൽ ഇഖ്‌വാനും, മൗലാനാ മൗദൂദിയുടെ നായകത്വത്തിൽ ജമാഅത്തെ ഇസ്‌ലാമിയും ഇസ്‌ലാമിക ചരിത്രത്തെയും പൈതൃകത്തെയും ഇരുപതാംനൂറ്റാണ്ടിന്റെ ചരിത്ര സാമൂഹ്യ സാഹചര്യങ്ങളോട് പ്രതികരിക്കുവാനാവുംവിധം പുനരാഖ്യാനം ചെയ്തു. ഇരുവരും ഇസ്‌ലാമിനെ സമഗ്രമായ ഒരു ജീവിത ദർശനമായി കണ്ടു. ഏകദൈവത്വം (തൗഹീദ്) ദൈവത്തിന്റെ പരമാധികാരം എന്നീ തത്വങ്ങളെത്തുടർന്ന് അനിവാര്യമായിത്തീരുന്ന മതവും സമൂഹവും തമ്മിലുള്ള സമന്വയം, സർവജീവിത പ്രശ്നങ്ങളുമായുള്ള ഇസ്‌ലാമിന്റെ ബന്ധം എന്നിവ ശരീഅത്തിന്റെ സമഗ്രതയിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു: "ശരീഅത്ത് ഒരു സമ്പൂർണ ജീവിതപദ്ധതിയും സമഗ്രമായ സാമൂഹ്യക്രമവുമാണ്" അവർ പ്രഖ്യാപിച്ചു. തങ്ങളുൾക്കൊള്ളുന്ന സമഹത്തെയും മുസ്‌ലിംലോകത്തെ പൊതുവിലും വീക്ഷിച്ചപ്പോൾ ബന്നക്കും മൗദൂദിക്കും സ്വന്തം സമുദായത്തിന്റെ ദൗർബല്യങ്ങൾക്ക് കാരണമായി രാഷ്ട്രീയ ശൈഥില്യവും സാമൂഹികമായ ഛിദ്രതയും ധാർമികത്തകർച്ചയും മതത്തോട് വളർന്നുവരുന്ന വിമുഖതയും മാത്രമേ കാണുവാനായുള്ളൂ. മതത്തെയും രാഷ്ട്രത്തെയും രണ്ടാക്കി നിർത്തിയ പടിഞ്ഞാറൻ സെക്കുലരിസവും കമ്യൂണിസത്തിന്റെയും ക്യാപിറ്റലിസത്തിന്റെയും കടിഞ്ഞാണറ്റുപോയ ഭൗതികതയുമാണ് അവരിൽ മുഖ്യപ്രതികളായി കണ്ടത്. മറുവശത്ത് മതവും രാഷ്ട്രീയവും സമൂഹവും തമ്മിൽ ഒന്നിച്ചു നിർത്തുന്ന ഇസ്‌ലാമിന്റെ ഏകത അതിനെ പടിഞ്ഞാറൻ കാഴ്ചപ്പാടിൽനിന്ന് വേർതിരിച്ചു നിർത്തുന്നതായി അവർ വ്യക്തമാക്കി. മതവും രാഷ്ട്രവും തമ്മിലുള്ള വേർതിരിവ് പാശ്ചാത്യൻ സെക്കുലരിസത്തിന്റെ സഹജമായ മിഥ്യാബോധത്തിനുള്ള ഉദാഹരണമായി ബ്രദർഹുഡും ജമാഅത്തും കരുതി. ദൈവിക മാർഗദർശനത്തിന്റെ തിരസ്കാരം പാശ്ചാത്യൻ നാഗരികതയുടെ ധാർമികാധപതനത്തിലേക്കും നയിക്കും. പാശ്ചാത്യൻ നാഗരികതയും ഇസ്‌ലാമിന്റെ മാർഗദർശനം സ്വീകരിക്കാത്ത മറ്റെല്ലാവരും പ്രാഗ്-ഇസ്‌ലാമിക കാലഘട്ടത്തിലെ സമൂഹത്തെപ്പോലെയാണ്. അജ്ഞാനത്തിലും അന്ധകാരത്തിലും കഴിയുന്നവർ.

ഇഖ്‌വാനും ജമാഅത്തും നവോത്ഥാനത്തിന്റെ ആദർശത്തെയും ചിഹ്നങ്ങളെയും ഭാഷയെയും ഇസ്‌ലാമിന് തങ്ങൾ നൽകിയ പരിഷ്കൃത വ്യാഖ്യാനത്തിൽ സംയോജിപ്പിച്ചു. ചരിത്രപരമായി രണ്ടിലൊന്നേ തെരഞ്ഞെടുക്കുവാനുള്ളൂ. ഒന്നുകിൽ ഇസ്‌ലാം അല്ലെങ്കിൽ ജാഹിലിയ്യത്ത്. അജ്ഞതയും അന്ധതയും അനൈക്യവും ചൂഷണവും അനാചാരവും മുഖമുദ്രയായിരുന്ന പ്രാഗ് ഇസ്‌ലാമിക സമൂഹത്തോടാണ് ആധുനിക മുസ്‌ലിം സമൂഹത്തെ അവർ സമീകരിച്ചത്. മുസ്‌ലിം ലോകം ഏറിയകൂറും വിഘടനവാദത്തിന്റെയും സൂഫി തീവ്രതയുടെയും വൈദേശിക പാശ്ചാത്യസ്ഥാപനങ്ങളുടെയും ഇസ്‌ലാംവിരുദ്ധമായ ആചാരാനുഷ്ഠാനങ്ങളുടെയും പിടിയിലമർന്നു കഴിഞ്ഞതായി അവർക്ക് അനുഭവപ്പെട്ടു. അതിനാൽ ഉമ്മഃയെ ബലഹീനമാക്കുന്ന മതപരവും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ശിഥിലീകരണശക്തികളുടെ സ്ഥാനം വിശ്വാസികളുടെ സാഹോദര്യം കയ്യേൽക്കേണ്ടിയിരിക്കുന്നു. നവോത്ഥാനത്തിന്റെ ന്യായശാസ്ത്രം എന്ന നിലയിൽ, ഒരിസ്‌ലാമിക ഭരണകൂടം സ്ഥാപിക്കുന്നതിനു വേണ്ടി ഖുർആനിലേക്കും ആദ്യകാല മുസ്‌ലിം സമൂഹത്തിന്റെ ജീവിതക്രമത്തിലേക്കും തിരിച്ചുപോകാൻ അവർ ആഹ്വാനം

ചെയ്തു. മറ്റു ഇസ്‌ലാമിക പരിഷ്കർത്താക്കളെയും മോഡേണിസ്റ്റുകളെയുംപോലെ ബന്നയും മൗദൂദിയും തഖ്‌ലീദ് (അന്ധമായ അനുകരണം) നിരാകരിക്കുകയും ഇജ്തിഹാദ് (ഗവേഷണം) പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നിയമപരിഷ്കാരത്തിലൂടെ സാമൂഹിക പരിവർത്തനം എന്ന മോഡേണിസ്റ്റാശയം ഇരുവരും അംഗീകരിച്ചുവെങ്കിലും അത് കുടുംബനിയമങ്ങൾക്ക് ബാധകമാക്കുവാൻ അവർ തയാറായില്ല. കാരണം, അവ ആത്മാവിലും ലക്ഷ്യത്തിലും പാശ്ചാത്യനായിരുന്നു. എല്ലാറ്റിനും പടിഞ്ഞാറൻ ദിശയിലേക്ക് മാത്രം നോക്കുകയും പാശ്ചാത്യൻ വിജ്ഞാനീയങ്ങളുടെ വിനിയോഗത്തിന് ഇസ്‌ലാമികമായ യുക്തി കണ്ടുപിടിക്കുകയും ചെയ്ത മോഡേണിസ്റ്റുകൾക്ക് വിരുദ്ധമായി ഈ സമകാലീന പരിഷ്കർത്താക്കൾ ഇസ്‌ലാമിന്റെ പൂർണതയും സമഗ്രതയും ആവർത്തിച്ച് പറയുകയും തുടിസ്ഥാനത്തിലുള്ള അതിന്റെ സമഗ്രത എടുത്തു കാണിക്കുകയും ചെയ്തു. മുസ്‌ലിംകൾക്കാവശ്യമുള്ളതെല്ലാം ഇസ്‌ലാമിക പൈതൃകത്തിൽ കാണാവുന്നതോ അതിൽനിന്ന് നിഷ്പദിക്കാവുന്നതോ ആണെന്ന് അവർ സ്ഥാപിച്ചു. ശാസ്ത്ര സാങ്കേതികവിദ്യകളെ സ്വാഗതം ചെയ്തതോടൊപ്പം സർവകാര്യങ്ങൾക്കും പടിഞ്ഞാറ്റുനോക്കുന്ന ബുദ്ധിജീവികളെയും ഭരണകൂടങ്ങളെയും അവർ വിമർശിച്ചു. മുസ്‌ലിം സമൂഹത്തിന്റെ നവീകരണവും സാമൂഹ്യപരിവർത്തനവും അല്ലെങ്കിൽ ആധുനിക വൽക്കരണം ഇസ്‌ലാമിക മൂല്യങ്ങളിലും തത്വങ്ങളിലും ഉറച്ചു നിന്നുകൊണ്ട്തന്നെ വേണമെന്നവർ വാദിച്ചു. തന്മൂലം, ജനാധിപത്യത്തെ അപ്പടി അവതരിപ്പിക്കുന്നതിന് പകരം, ഇഖ്‌വാനും ജമാഅത്തും മോഡേണിസ്റ്റുകൾ കൂടിയാലോചന (ശൂറ)ക്കും ജനാഭിപ്രായത്തിനും (ബൈഅത്ത്) നൽകിയ പുനരാഖ്യാനങ്ങൾ അംഗീകരിച്ചു. പക്ഷേ, ഒരിസ്‌ലാമിക സമൂഹത്തിൽ ജനഹിതം ദൈവേഛക്ക് വിധേയമായിരിക്കും എന്ന കാര്യത്തിന് അടിവരയിട്ടു. തനിക്ക് തീർത്തും അസ്വീകാര്യമായ പുരോഹിത രാഷ്ട്രത്തിൽനിന്നും മതാധിപത്യ രാഷ്ട്രത്തിൽ (Theology) നിന്നും വേർതിരിച്ചുനിർത്തുവാനായി ഇതിനെ മതകീയ ജനാധിപത്യം (Theo- Democracy) എന്നാണ് മൗലാനാ മൗദൂദി വിളിച്ചത്. മദ്യം, വ്യഭിചാരം, ചൂതാട്ടം തുടങ്ങിയ കാര്യങ്ങളിൽ ദൈവിക മാർഗദർശനത്തിന് വിരുദ്ധമായി നിയമനിർമാണം നടത്തുവാൻ ഭൂരിപക്ഷത്തിന് അവസരം നൽകുന്ന വ്യവസ്ഥ എന്ന അർഥത്തിൽ ഒരിസ്‌ലാമിക സമൂഹത്തിൽ ജനാധിപത്യം നിലനിൽക്കുകയില്ല. അപ്രകാരംതന്നെ മുസ്‌ലിം ജനതയുടെയും ദൗത്യത്തിന്റെയും സാർവലൗകികത ഊന്നിപ്പറയുന്ന ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാനും ദേശിയതയെയും യൂറോപ്യൻ നിർമിത നിയമവ്യവസ്ഥകളെയും നിരാകരിച്ചു. അതിനെയവർ അനിസ്‌ലാമികമായും ഇസ്‌ലാമികവ്യക്തിത്വത്തിന് ഭീഷണിയായുമാണ് കണ്ടത്. പകരം ശരീഅത്ത് നിയമങ്ങളാൽ ഭരിക്കപ്പെടുന്ന ഒരിസ്‌ലാമിക രാഷ്ട്രത്തിന് ഇരുവരും ആഹ്വാനം ചെയ്തു. മൗദൂദി ഇന്ത്യയിലെ മുസ്‌ലിം ദേശീയതയെയും ഹിന്ദു ദേശീയതയെയും എതിർത്തു. മുസ്‌ലിംകൾക്കൊരു പ്രത്യേക രാഷ്ട്രമെന്ന നിലയിൽ പാക്കിസ്ഥാന്റെ രൂപീകരണത്തെയും തുടക്കത്തിലദ്ദേഹം ചെറുത്തു. പക്ഷേ, ജമാലുദ്ദീൻ അഫ്ഗാനിക്കും റഷീദ് റിദാക്കും മുഹമ്മദ് ഇഖ്ബാലിനും സംഭവിച്ചതുതന്നെ മൗദൂദിക്കും ബന്നക്കും സംഭവിച്ചു. സർവലോക ഇസ്‌ലാമിക രാഷ്ട്രം എന്ന അഭിലാഷം രാഷ്ട്രീയ യാഥാർഥ്യങ്ങൾക്ക് വഴിമാറിക്കൊടുത്തു. അങ്ങനെ ബന്ന ഈജിപ്തിലും മൗദൂദി പാക്കിസ്ഥാനിലും, ലോകമുസ്‌ലിം ഐക്യത്തിന്റെ അന്തിമസാക്ഷാത്കാരത്തിനുവേണ്ടി ആത്മാർപ്പണം ചെയ്തുകൊണ്ടും ഉമ്മഃയുടെ താൽപര്യങ്ങൾക്കു വേണ്ടി കർമനിരതരായിക്കൊണ്ടും പ്രവർത്തിച്ചുപോന്നു.

ഇഖ്‌വാനും ജമാഅത്തും രാഷ്ട്രീയ കക്ഷികളായിരുന്നില്ലെങ്കിലും ഇസ്‌ലാമിക നിയമങ്ങളാൽ ഭരിക്കപ്പെടുന്ന രാഷ്ട്രത്തിലും സമൂഹത്തിലുമാണ് ഇസ്‌ലാമിക സമുദായം ജീവിക്കേണ്ടതെന്ന അവയുടെ വിശ്വാസവും മതാധിഷ്ഠിത കാഴ്ചപ്പാടും അവയെ രാഷ്ട്രീയരംഗത്തേക്ക് വലിച്ചിഴച്ചു. തങ്ങളുടെ സാമൂഹിക വിപ്ലവം അല്ലെങ്കിൽ പരിഷ്കരണം സമൂഹത്തിൽ ചലനം സൃഷ്ടിക്കുന്നതായി ഇരുകക്ഷികളും മനസ്സിലാക്കിയിരുന്നു. പക്ഷേ, രാഷ്ട്രീയ സാഹചര്യങ്ങളിൽ നിലനിന്നിരുന്ന ഭിന്നതമൂലം ഇരുകക്ഷികളുടെയും സഞ്ചാരപഥത്തിന് വ്യത്യാസമുണ്ടായി. ഒരിസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കുന്നതിൽ ഈജിപ്ഷ്യൻ ഭരണകൂടത്തിന്റെ പരാജയത്തെ ഇഖ്‌വാൻ എതിർത്തതും വിമർശിച്ചതും, അക്രമത്തിലും സംഘട്ടനത്തിലും സ്ഥാപകനായ ഹസനുൽബന്നയുടെ വധത്തിലുമാണ് കലാശിച്ചത്. സർക്കാരിന്റെ അടിച്ചമർത്തൽ ഇഖ്‌വാനെ ഒളിപ്രവർത്തനങ്ങൾക്ക് നിർബന്ധിച്ചു. ഏറ്റുമുട്ടലുകളും തുറങ്കിലടക്കലും, ഉന്മൂലനവും ദണ്ഡനമുറകളും അവിരാമം നടന്നു- ഒടുവിൽ നിരോധനവും. പാക്കിസ്ഥാനിൽ പലപ്പോഴും ഭരണകൂടങ്ങൾക്കെതിരെ നിലകൊണ്ട ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയ പ്രവർത്തനം നടത്തുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു. മൗദൂദിയും സഹപ്രവർത്തകരും ചിലപ്പോഴൊക്കെ തുറങ്കിലടക്കപ്പെട്ടിട്ടുണ്ടെങ്കിലും പൊതുവിൽ അവർക്ക് പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചിരുന്നു.

ഇഖ്‌വാനും ജമാഅത്തും ആധുനിക നവോത്ഥാനപ്രസ്ഥാനങ്ങളുടെ ശക്തിയും ആകർഷണീയതയും പ്രായോഗിക മാർഗങ്ങളിലൂടെ ബോധ്യപ്പെടുത്തുന്നു. ഈജിപ്തിൽ നിരോധിക്കപ്പെടുകും നേതാക്കളുടെ വധവും അറസ്റ്റും നാടുകടത്തലും മൂലം ഏതാണ്ട് തകർക്കപ്പെട്ടതായി തോന്നുകയും ചെയ്ത ഇഖ്‌വാൻ, സുഡാൻ, സിറിയ ജോർഡാൻ, ഫലസ്തീൻ, കുവൈത്ത് തുടങ്ങിയ മുസ്‌ലിം രാജ്യങ്ങളിൽ വളർന്ന് വരുന്നതാണ് കണ്ടത്. അപ്രകാരം തന്നെ ജമാഅത്തെ ഇസ്‌ലാമി പാക്കിസ്ഥാനിലെന്നപോലെ ഇന്ത്യ, അഫ്ഗാനിസ്ഥാൻ, കാശ്മീർ തുടങ്ങിയ പ്രദേശങ്ങളിലും സ്ഥാപിക്കപ്പെടുകയുണ്ടായി. ഈ നവോത്ഥാനകാരണം എന്തായിരുന്നു? ഒന്നാമതായി, തനതായ ഒരു വ്യക്തിത്വത്തിന്റെ പരിവേഷത്തിലാണ് അവ പ്രത്യക്ഷപ്പെട്ടത്.സൂഫി തീവ്രതയെയും പുണ്യവാളപൂജയെയും പണ്ഡിതന്മാരുടെ പിന്നോക്കാവസ്ഥയെയും വിമർശിക്കുന്നതിൽ മോഡേണിസ്റ്റുകളോട് താദാത്മ്യം പ്രാപിച്ചിരുന്നുവെങ്കിലും ഇസ്‌ലാമിന് പാശ്ചാത്യസിദ്ധാന്തങ്ങളുമായുള്ള യോജിപ്പ് എടുത്തുകാട്ടിക്കൊണ്ട് ആധുനിക മനസ്സുകളെ അഭിമുഖീകരിക്കാവനർ മുതിർന്നില്ല. പകരം, അവർ ഇസ്‌ലാമിനെ മാത്രം ആശ്രയിച്ച് മുസ്‌ലിംകൾക്ക് ആധുനികതയുടെ ആവശ്യങ്ങൾ നിർവഹിക്കാനാവും എന്ന് അവകാശപ്പെടുകയാണ് ചെയ്തത്. ഇസ്‌ലാമികജീവിതവൃത്തത്തിന് പുറത്തുപോവുകയോ പടിഞ്ഞാറിനെ ആശ്രയിക്കുകയോ ഇസ്‌ലാമിനെ പാശ്ചാത്യവൽക്കരിക്കുകയെന്ന ആപത്ത് ക്ഷണിച്ചുനരുത്തുകയോ വേണ്ടതില്ല മുസ്‌ലിംകൾക്ക്. രണ്ടാമതായി, ബുദ്ധിജീവികളുടെ ഒരയഞ്ഞ ഘടനയിലൊതുങ്ങിനിൽക്കുവാനുള്ള മോഡേണിസ്റ്റ് പ്രവണതക്ക് വിപരീതമായിരുന്നു ഈ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഘടനയും പ്രവർത്തനരീതിയും. അച്ചടക്കം, ആത്മാർഥത, ശിക്ഷണം, സാമൂഹ്യസേവന പ്രവർത്തനങ്ങൾ തുടങ്ങിയവയിലുള്ള ഊന്നൽ ഭദ്രവും അടച്ചടക്കപൂർണവുമായ ഒരു സംഘടനയുടെ സ്വഭാവം അവർക്ക് നേടിക്കൊടുത്തു. മൂന്നാമതായി, മധ്യകാല ഇസ്‌ലാമിനെ അന്ധമായി അനുകരിക്കുന്നതിനെ വിമർശിക്കുകയും ഇജ്തിഹാദിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതോടൊപ്പംതന്നെ പാശ്ചാത്യവൽക്കരണത്തെ എതിർത്തതും ഇസ്‌ലാമിന്റെ സ്വയം പര്യാപ്തി എടുത്തുകാണിച്ചതും പണ്ഡിതന്മാരിൽ വലിയൊരു വിഭാഗത്തെയും സമൂഹത്തിലെ പാരമ്പര്യ വിഭാഗത്തെയും ആകർഷിക്കുവാൻ ഇടയാക്കി. കാരണം, അത് അവർ പഠിച്ച ഇസ്‌ലാമിന്റെ പാരമ്പര്യവ്യാഖ്യാനങ്ങളോടും അവർ താലോലിക്കുന്ന ജീവിതശൈലി, മൂല്യങ്ങൾ എന്നിവയോടും സാധർമം പുലർത്തുന്ന സമീപനമായിരുന്നു. സ്വാഭാവികമായും ഈ നവോത്ഥാന പ്രസ്ഥാനങ്ങൾ കൈവരുത്താനാഗ്രഹിക്കുന്ന പരിവർത്തനം മോഡേണിസ്റ്റുകൾ ഉദ്ദേശിക്കുന്നതിനേക്കാൾ ലഘുവായതും പാരമ്പര്യങ്ങളിൽനിന്ന് ഏറെയൊന്നും അകൽച്ചയുളവാക്കാത്തതായും അവർക്ക് അനുഭവപ്പെട്ടു. നവോത്ഥാന പ്രസ്ഥാനങ്ങളും മോഡേണിസ്റ്റുകളും നിയമപരിഷ്കരണത്തിന് വേണ്ടി ഒരേ സ്വരത്തിൽ വാദിച്ചുവെങ്കിലും പ്രയോഗത്തിൽ ഇഖ്‌വാനും ജമാഅത്തും, കുടുംബനിയമപരിഷ്കാരംപോലുള്ള വൈകാരിക പ്രശ്നങ്ങളിൽ പാരമ്പര്യപണ്ഡിതന്മാരുടെ കൂടെ നിലയുറപ്പിക്കുകയാണ് ചെയ്തത്. സ്ത്രീ പുരുഷന്മാരുടെ സ്വതന്ത്രമായ ഇടകലരൽ, പാശ്ചാത്യ വസ്ത്രധാരണവും ആചാരരീതിക

ളും, സിനിമ, ബാങ്ക് പലിശ തുടങ്ങിയ കാര്യങ്ങളെ അധിക്ഷേപിക്കുന്നതിൽ അവരും ഇതര പണ്ഡിതന്മാരോട് അണിചേർന്നുനിന്നു.

ആധുനിക ശതകത്തിനുമുമ്പ് രംഗവേദിയിൽ പ്രത്യക്ഷപ്പെട്ട വഹാബി, മഹ്ദി പരിഷ്കരണ പ്രസ്ഥാനങ്ങൾ സമർപ്പിച്ച സാർവലൗകിക വീക്ഷണവും ആധുനികരായ അഫ്ഗാനി, മുഹമ്മദബ്ദു മുഹമ്മദ് ഇഖ്ബാൽ തുടങ്ങിയവരുടെ ദർശനങ്ങളും തമ്മിൽ, ഈ നവോത്ഥാന പ്രസ്ഥാനങ്ങൾ സംയോജിപ്പിച്ചു. ഇസ്‌ലാമിൽ മാത്രം അധിഷ്ഠിതമായ ഒരു ദർശനം നമുക്ക് ലഭിച്ചു എന്നതായിരുന്നു ഫലം. ഏതൊരു അനശ്വരസന്ദേശം പരലോക കാര്യത്തിലെന്നപോലെ ഇഹലോകാര്യങ്ങളിലും പ്രസക്തമാണോ ആ ഇസ്‌ലാമിന്റെ കാലരഹിതമായ, യുക്ത്യാധിഷ്ഠിതമായ സമഗ്രമായൊരു പുതിയ കാഴ്ചപ്പാട്. ഇസ്‌ലാം മുസ്‌ലിംകളുടെ എന്നത്തെയും പ്രായോഗിക ജീവിതവും ദർശനവും തിരിച്ചറിയുന്നു. ദാരിദ്ര്യം, നിരക്ഷരത, സാമ്പത്തികചൂഷണം, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം തുടങ്ങിയ പ്രശ്നങ്ങളെല്ലാം ഇസ്‌ലാമിക സന്ദേശത്തെ സംബന്ധിച്ചിടത്തോളം പ്രസക്തമാണ്. ഇഖ്‌വാനെയും ജമാഅത്തിനെയും സംബന്ധിച്ചിടത്തോളം മുസൽമാന്റെ ദൈവാർപ്പണം വ്യക്തിയെയും സമൂഹത്തെയും വാർത്തെടുക്കുന്നതിന്റെ അടിസ്ഥാനനിദാനമാണ്. മനുഷ്യർ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളാണെന്ന ഖുർആനികാധ്യാപനത്തിന്റെ അർഥം അവർ ദൈവേച്ഛ സാക്ഷാൽക്കരിക്കുവാൻ ബാധ്യസ്ഥരാണ് എന്നത്രെ. ഈ കാര്യമാണ് ജമാഅത്തിന്റെയും ഇഖ്‌വാന്റെയും സാമൂഹ്യ-ധാർമിക സംസ്കരണ പ്രവർത്തനങ്ങളുടെ മതപരമായ അടിത്തറയായി വർത്തിക്കുന്നത്. മതപ്രബോധനം (ദഅ്‌വഃ) എന്നാൽ അമുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാം പ്രചരിപ്പിക്കുകയെന്ന് മാത്രമല്ല അർഥം. മുസ്‌ലിംകളായി ജനിച്ചവരോട് കൂടുതൽ നല്ല മുസ്‌ലിംകളായിത്തീരാനുള്ള ആഹ്വാനംകൂടിയാണ്! അവർ പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഇസ്‌ലാമിന്റെ സന്ദേശം മുഴുവൻ മനുഷ്യാനുഭവങ്ങളേയുമാണ് അഭിമുഖീകരിക്കുന്നത്.

ശക്തിയോടൊപ്പം ചില ദൗർബല്യങ്ങളുമുണ്ട് ഈ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക്. ഇസ്‌ലാമിന്റെ പ്രസക്തിയും അതിന്റെ മേന്മയും സ്ഥാപിച്ചെടുക്കാനുള്ള ശ്രമം ചിലപ്പോൾ പാശ്ചാത്യൻ സംസ്കാരത്തിന്റെ തിന്മകൾക്കു നേരെയുള്ള ഏകപക്ഷീയമായ ഒരാക്രമണമായി തരംതാണു പോയിട്ടുണ്ട്. പടിഞ്ഞാറിന്റെ ഏറ്റവും മോശമായ സ്വഭാവങ്ങളോ സാമൂഹ്യപ്രശ്നങ്ങളോ -വ്യഭിചാരം, മദ്യപാനം, കുറ്റവാസന, ലൈംഗികരാചകത്വം- ആണ് ഇവ്വിധം ചൂഷണം ചെയ്യപ്പെടുന്നത്. തെരഞ്ഞെടുക്കപ്പെട്ട ചില പടിഞ്ഞാറൻ യാഥാർഥ്യങ്ങളേ ഇസ്‌ലാമികാദർശങ്ങളുമായി തുലനം ചെയ്യപ്പെടുന്നുള്ളൂ. തദടിസ്ഥാനത്തിൽ പാശ്ചാത്യൻ ക്രൈസ്തവത ഏറ്റവും മോശമായും ഇസ്‌ലാം ഏറ്റവും നല്ലതായും അവ ചിത്രീകരിക്കുന്നു. ബഹുമത രാഷ്ട്രങ്ങളിൽ മതസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് വേണ്ടി മതത്തെയും രാഷ്ട്രത്തെയും വേർപെടുത്തുന്ന ഒരു നയം എന്ന നിലയിൽ മനസ്സിലാക്കുന്നതിന് പകരം, സെക്കുലരിസത്തെ ദൈവനിഷേധം, മൂല്യനിരാസം എന്നിവക്ക് സമമായി വ്യാഖ്യാനിക്കുന്നു. വനിതാ വിമോചനാശയങ്ങൾ, പാശ്ചാത്യപ്രചോദിതവും കുടുംബ വിശുദ്ധിമേലുള്ള ഇസ്‌ലാം വിരുദ്ധ ആക്രമണവും ആണെന്ന പേരിൽ അവർ നിരാകരിക്കുന്നു. പകരമായി, മുസ്‌ലിം സ്ത്രീകളുടെ യഥാർഥപദവിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ -വിദ്യാഭ്യാസം, തൊഴിൽ, വിവാഹമോചനം- വേണ്ടവിധം പുനഃപരിശോധിക്കാതെ, മാറുന്ന സാമൂഹ്യയാഥാർഥ്യങ്ങളെ ഒട്ടും ഗൗരവമായി പരിഗണിക്കാതെ പാരമ്പര്യരീതികൾ തുടർന്നു പോകാനാണ് ശ്രമം. ഇത്തരം പ്രശ്നങ്ങളുടെ സ്രോതസ്സ്, വിശ്വാസവും ചരിത്രവും തമ്മിൽ ദിവ്യവെളിപാടും മാനുഷികവ്യാഖ്യാനവും തമ്മിലുള്ള ബന്ധത്തിന്റെ കേന്ദ്രബിന്ദുവിലാണ്.

പൈതൃകമായിക്കിട്ടിയ ചരിത്രവ്യാഖ്യാനത്തെ ദിവ്യവെളിപാടുമായി സമന്വയിപ്പിച്ച് കൊണ്ടുപോകാനുള്ള പ്രവണത സ്വീകരിക്കുന്ന ഒരു മനോഭാവം ഈ നവോത്ഥാന പ്രസ്ഥാനങ്ങളിൽ കാണപ്പെടുന്നു. ഇസ്‌ലാമിക വിശ്വാസാചാരങ്ങളുടെ വികാസം സംബന്ധിച്ച് കാൽപനികവൽകൃതവും സൈദ്ധതികവുമായ കാഴ്ചപ്പാടാണ് അവർ സ്വീകരിക്കുന്നത്. ആധുനികതയിൽ, പാശ്ചാത്യരുടെ രാഷ്ട്രീയവും സാംസ്കാരികവുമായ അധീശത്വത്തിന്റെയും സാത്മീകരണത്തിന്റെയും ഭീഷണി അനുഭവപ്പെടുന്ന അവസ്ഥയിൽ ഈ നിലപാട് മനസ്സിലാക്കാവുന്നതേയുള്ളൂ. ഈ സ്ഥിതി വരുത്തിത്തീർത്തത് പാശ്ചാത്യ ശക്തികളും മുസ്‌ലിം മതേതര ബുദ്ധിജീവികളും ഉണ്ടാക്കിവെച്ച ഒരുതരം ഉപരോധാവസ്ഥയാണ്. ഈ മുസ്‌ലിം ബുദ്ധിജീവികൾ മുസ്‌ലിം സമൂഹത്തെ പാശ്ചാത്യവൽക്കരിക്കുന്നതിനുത്തരവാദികളായ 'സ്വദേശീയ കോളനിവാഴ്ച'ക്കാരായാണ് പരിഗണിക്കപ്പെട്ടത്. "ഈജിപ്തിനെ ഇസ്‌ലാമിൽനിന്ന് മാറ്റിനിർത്താൻ വേണ്ടി പ്രവർത്തിക്കുന്ന വിഭാഗം, യഥാർഥത്തിൽ ഒരുപറ്റം നാണംകെട്ട, ദ്രോഹബുദ്ധികളായ, പ്രതിലോമകാരികളായ യൂറോപ്യൻ ദാസന്മാരും പാവകളുമാണ്" എന്ന് മുഹമ്മദുൽഗസ്സാലി എഴുതുകയുണ്ടായി. ഈ സ്ഥിതിവിശേഷത്തിൽ ഇസ്‌ലാമിനെ പുനഃപരിശോധനക്കും പുനർവ്യാഖ്യാനത്തിനും വിധേയമാക്കുന്നതിന് പകരം ഇസ്‌ലാമിനെയും അതിന്റെ ജീവിതശൈലിയെയും പാശ്ചാത്യവൽക്കരണത്തിൽനിന്ന് രക്ഷിക്കുന്നതിന്, വൈദേശികവും ആഭ്യന്തരവുമായ ഭീഷണികൾക്കെതിരെ പ്രതിരോധപരമായ ഒരു നിലപാട് സ്വീകരിക്കാൻ നവോത്ഥാന പ്രസ്ഥാനങ്ങൾ പ്രേരിതമായി. ഇസ്‌ലാമിന് ഒരു പുതിയ വിശകലനമോ വ്യാഖ്യാനമോ നൽകുന്നതിൽ മോഡേണിസ്റ്റുകളും ഈ നവോത്ഥാന പ്രസ്ഥാനക്കാരും പരാജയപ്പെട്ടുവെന്നതാണ് സത്യം. ബ്രദർഹുഡും ജമാഅത്തും മാറ്റങ്ങൾക്ക് പുറംതിരിഞ്ഞു നിന്നു എന്നൊന്നും ഇപ്പറഞ്ഞതിനർഥമില്ല. നേർക്കുനേരെ ഏഴാം നൂറ്റാണ്ടിലേക്കുള്ള തിരിച്ചുപോക്കാണ് അവരുടെ ലക്ഷ്യം എന്ന ആവർത്തനത്തേക്കാൾ സത്യത്തിൽനിന്ന് അകന്നതായി മറ്റൊന്നില്ല. ഏതായാലും നവോത്ഥാന പ്രസ്ഥാനങ്ങളുടെ സാർവലൗകിക വീക്ഷണത്തിൽ പ്രകടമാവുന്ന ഇസ്‌ലാമികഭാഷ്യത്തിന്റെ പരപ്പ് അവർ ഇസ്‌ലാമികചരിത്രത്തെ സൂക്ഷ്മമായി പുനഃപരിശോധിച്ചില്ല എന്ന കാരണത്താൽ, ചുരുങ്ങിപ്പോകുന്നു. സ്വന്തം പ്രത്യയശാസ്ത്രത്തിന്റെ ചരിത്രപരമായ യഥാർഥ വളർച്ചയെക്കുറിച്ച ബോധമില്ലായ്മമൂലം ഇസ്‌ലാമിക നിയമത്തിന്റെയും തത്വശാസ്ത്രത്തിന്റെയും വികാസത്തെ സ്വാധീനിച്ച ഊർജസ്വലവും രചനാത്മകവുമായ ഇസ്‌ലാംവൽക്കരണപ്രക്രിയ പൂർണമായും ഉൾക്കൊള്ളാൻ പരിഷ്കർത്താക്കൾക്ക് സാധിക്കാതെ പോയി. വിശ്വാസവും ആചാരവും രൂപപ്പെടുത്തുന്നതിൽ മനുഷ്യചിന്തയും ചരിത്ര-സാമൂഹ്യ സാഹചര്യങ്ങളും എത്രത്തോളം സ്വാധീനം ചെലുത്തി എന്ന് തിരിച്ചറിയുവാൻ അവർക്ക് കഴിഞ്ഞില്ല. നിയമത്തിൽ നാട്ടുനടപ്പുകളുടെ പങ്ക്, ഹദീസുകളുടെ സ്രോതസ്സ് എന്ന നിലയിൽ സാമൂഹ്യാചാരങ്ങളുടെ പ്രാധാന്യം, മതശാസ്ത്ര തത്വങ്ങളിൽ രാഷ്ട്രീയപരിഗണനകളുടെ സ്വാധീനം എന്നിവ ഉദാഹരം. മുസ്‌ലിംകൾ വൈദേശികമായ സാമൂഹ്യ-സാംസ്കാരിക ആചാരങ്ങൾ സ്വീകരിക്കുവാനും അവയെ ഇസ്‌ലാമികതത്വങ്ങളുടെയും മൂല്യങ്ങളുടെയും ചട്ടക്കൂടിൽ സംയോജിപ്പിച്ചു നിൽത്തുവാനും വഴിയൊരുക്കിയ -ഇസ്‌ലാംവൽക്കരണപ്രക്രിയയുടെ - വ്യാപ്തി വിസ്മരിക്കപ്പെട്ടു.

(മറുവശത്ത്, ഇസ്‌ലാമിന്റെ വ്യവസ്ഥാപിതമായ ഒരു പുനഃസൃഷ്ടി നടത്തുന്നതിൽ മോഡേണിസ്റ്റുകൾക്കേറ്റ പരാജയം കാരണം അവരുടെ ഒറ്റപ്പെട്ടതും പ്രത്യേക കാര്യങ്ങളിൽ മാത്രം ഒതുങ്ങുന്നതുമായ പരിഷ്കാരങ്ങൾ, പടിഞ്ഞാറ്നിന്നുള്ള ചില കടമെടുപ്പ് മാത്രമായേ കരുതപ്പെട്ടുള്ളൂ. തന്മൂലം മോഡേണിസ്റ്റുകൾ പാശ്ചാത്യവൽക്കരണത്തിന്റെ ഏജന്റുമാരായി പരിഗണിക്കപ്പെട്ടു) മുൻചൊന്ന പരിഷ്കർത്താക്കളും, പൊതുവെ പാരമ്പര്യവാദികളും ചരിത്രത്തെ ദിവ്യവെളിപാടിന്റെ ആധികാരിക വ്യാഖ്യാനമായിത്തന്നെ പരിഗണിച്ചു. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് വ്യാഖ്യാനത്തിനും പരിഷ്കരണത്തിനും വിധേയമാകാവുന്ന ആധികാരിക വ്യാഖ്യാനമായി അവരതിനെ കണ്ടില്ല. 'ഇജ്തിഹാദി'ലൂടെയുള്ള മാറ്റങ്ങളെ പരിഷ്കർത്താക്കൾ സ്വാഗതം ചെയ്തുവെങ്കിലും പൂർവകാല ചര്യകൾ അപ്പടി സ്വീകരിക്കുവാനും ഇസ്‌ലാമിക നിയമത്തിൽ സ്ഥാനം പിടിച്ചിട്ടില്ലാത്ത പുതിയ മേഖലയിൽ ഇജ്തിഹാദ് പരിമിതപ്പെടുത്താനുമുള്ള ഒരു പ്രവണതയാണവരിൽ ദൃശ്യമായത്.